22. കോഴിക്കോട് (അർബൻ)
23. മലപ്പുറം (അർബൻ)

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 120 ഐ.സി.ഡി.എസ്. പ്രോജക്ടുകൾ നിലവിൽ ഉണ്ടായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാക്കിയുള്ള 43 ബ്ലോക്കുകളിൽക്കൂടി ഐ.സി.ഡി.എസ് പദ്ധതി അനുവദിച്ചു.

(സി) ഈ വർഷം (1999-2000) 20 പ്രോജക്ടുകളാണ് ആരംഭിച്ചത്. ഇതിൽ 8 പ്രോജക്ടുകളിലേക്ക് അംഗൻവാടി വർക്കർമാരേയും ഹെൽപ്പർമാരേയും തെരഞ്ഞെടുത്തുകഴിഞ്ഞു. നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബാക്കിയുള്ള പ്രോജക്ടുകളിൽ തെരഞ്ഞെടുപ്പ് പൂർത്തിയായിട്ടില്ല.

62 (638) ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ പ്രമോഷൻ തടഞ്ഞ നടപടി

ശ്രീമതി ആർ ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിലെ ഐ.സി.ഡി.എസ് സൂപ്പർവൈസർമാരുടെ 10.12.93-ൽ പ്രസിദ്ധീകരിച്ച പ്രമോഷൻ ലിസ്റ്റിൽ ചടയമംഗലം പ്രോജക്ടാഫീസിലെ സൂപ്പർവൈസർ കെ. രജനി എത്രാം സ്ഥാനത്താണ് എന്ന് വെളിപ്പെടുത്തുമോ;

(ബി) രജനിക്ക് മുൻപും അതിനുശേഷവും ഉള്ള ആളുകൾക്ക് പ്രമോഷൻ കൊടുക്കുകയും പട്ടികജാതി വിഭാഗത്തിൽപ്പെട്ട രജനിക്ക് പ്രമോഷൻ കൊടുക്കാതിരിക്കുകയും ചെയ്തതിന്റെ കാരണം എന്തെന്ന് വെളിപ്പെടുത്തുമോ;

(സി) ഇക്കാര്യത്തിൽ അന്വേഷണം നടത്തുകയും അകാരണമായി പ്രമോഷൻ തടഞ്ഞു എങ്കിൽ കുറ്റക്കാർക്കെതിരായി നടപടി സ്വീകരിക്കുകയും ചെയ്യുമോ?

ഉത്തരം

(എ) 10.12.93-ൽ സൂപ്പർവൈസർ തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. എന്നാൽ 1.1.81 മുതൽ 31.12.87 വരെ നിയമിക്കപ്പെട്ട ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ 3.2.94-ൽ പ്രസിദ്ധീകരിച്ച 43583/സ്പെഷ്യൽ സെൽ 1/94 നമ്പരായിട്ടുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ശ്രീമതി കെ. രജനി 127-ാമത് പേരുകാരിയാണ്.

(ബി) ശ്രീമതി രജനിയേക്കാൾ ജൂനിയറും സീനിയറുമായ ജീവനക്കാർക്ക് പ്രമോഷൻ നൽകിയിട്ടുണ്ട്. എന്നാൽ അക്കൗണ്ട്സ് ടെസ്റ്റ് പാസ്സാകാത്ത കാരണത്താൽ ശ്രീമതി രജനിക്ക് പ്രമോഷൻ നൽകിയിരുന്നില്ല. 23.9.99-ലാണ് ഈ ജീവനക്കാരി അക്കൗണ്ട് ടെസ്റ്റ് പാസ്സായ വിവരം സാമൂഹ്യക്ഷേമ ഡയറക്ടറുടെ ശ്രദ്ധയിൽപ്പെട്ടത്. അതിൻപ്രകാരം അവർക്ക് പ്രമോഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അകാരണമായി പ്രമോഷൻ തടഞ്ഞുവെന്ന് ബോദ്ധ്യപ്പെട്ടാൽ കുറ്റക്കാർക്കെതിരായി നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly